(ബി) കേരള സിമന്റ്സ് വിപണിയുടെ 6-8% വരെ വിഹിതമാണ് മലബാർ സിമന്റ്സിനുള്ളത്. എന്നാൽ അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവുമൂലം ഏകദേശം മൂന്നുമാസത്തോളം ഉല്പാദനക്കുറവ് നേരിടുകയും മലബാർ സിമന്റ്സ് വിപണിയിൽ നിന്ന് വിട്ടുനിൽക്കേണ്ടതായ സാഹചര്യം വരികയുമുണ്ടായി. ഈ അവസരത്തിൽ സ്വകാര്യ കമ്പനികൾ മലബാർ സിമന്റ്സിന്റെ വിപണി കയ്യടക്കി. എന്നാൽ മാനേജ്മെന്റിന്റെ സമയോചിതമായ ഇടപെടൽമൂലം അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ് പരിഹരിച്ച് ഉല്പാദനം കാര്യക്ഷമമാക്കുകയും സഹകരണമേഖലയുടെ കൂടി സഹായത്തോടെ കൈവിട്ട വിപണി തിരിച്ചുപിടിച്ച് തുടങ്ങുകയും ചെയ്തിട്ടുണ്ട്.

### ചെറുകിട വ്യവസായങ്ങളുടെ പുനരുദ്ധാരണം

110 (1874) ശ്രീ. എം. സ്വരാജ്:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചെറുകിട വ്യവസായങ്ങളെ പുനരുദ്ധരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ചെറുകിട വ്യവസായ സ്ഥാപനങ്ങളിൽ ഉത്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ വിപണനത്തിന് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്; വിശദമാക്കാമോ ;

(സി) ചെറുകിട വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനും വിപണി മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം നൂതന പദ്ധതികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിലെ സമഗ്ര വികസനത്തിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകുന്നതിന് സംരംഭകരെ സഹായിക്കുന്നതിനും ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ച് കൂടുതൽ നിക്ഷേപം ഉറപ്പുവരുത്തുന്നതിനുമായി "സംരംഭകത്വ സഹായ പദ്ധതി" വഴി സാമ്പത്തിക സഹായം നൽകുന്നുണ്ട്. ചെറുകിട വ്യാവസായികളെ ആകർഷിക്കുന്നതിനായി ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ്, വ്യവസായ സംഗമം, എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, എമർജിംഗ് കേരള

LIBRARY ARCHIVES Kerala Legislative Assembly